**പതിനഞ്ചാം കേരള നിയമസഭ**

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പത്താമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും വേമ്പനാട് കായൽ ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിലെ മാലിന്യ പ്രശ്നങ്ങളെ സംബന്ധിച്ചുമുള്ള പ്രത്യേക റിപ്പോർട്ട്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പത്താമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും വേമ്പനാട് കായൽ ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിലെ മാലിന്യ പ്രശ്നങ്ങളെ സംബന്ധിച്ചുമുള്ള പ്രത്യേക റിപ്പോർട്ട്)**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| ആമുഖം | - | vii |
| റിപ്പോർട്ട് | - | 1. |

## സമിതിയുടെ ഘടന

**ചെയർപേഴ്സൺ :**

ശ്രീ. പി.പി. ചിത്തരഞ്ജൻ

**അംഗങ്ങൾ** :

ശ്രീ. എൻ.കെ. അക്ബർ,

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കാനത്തിൽ ജമീല*

ശ്രീ. കെ.ജെ. മാക്സി,

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ശശി

ശ്രീ. എം. വിൻസെന്റ്

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ.ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

---

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

# ആമുഖം

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളത്തിന്റെ സാമ്പത്തിക സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന ഉൾനാടൻ മത്സ്യബന്ധനമേഖല ഇന്ന് വളരെ സങ്കീർണ്ണമായ പ്രയാസങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് മനസ്സിലാക്കിയ സാഹചര്യത്തിലാണ്, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും വേമ്പനാട് കായൽ ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിലെ മാലിന്യ പ്രശ്നങ്ങളെ സംബന്ധിച്ചും പഠനം നടത്തുന്നതിന് **14.08.2024**-ലെ സമിതി യോഗം തീരുമാനിച്ചത്. അതിനോടനുബന്ധിച്ച് **2025** ജനുവരി **3**-ാം തീയതി കോട്ടയം ജില്ലയിലും **2025** മെയ് **19**-ാം തീയതി ആലപ്പുഴ ജില്ലയിലും സന്ദർശനം നടത്തുകയും പ്രസ്തുത വിഷയത്തിന്മേൽ മത്സ്യബന്ധന തുറമുഖം, തദ്ദേശ സ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത യോഗങ്ങളിലെ ചർച്ചകളുടെയും അതിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 5

# റിപ്പോർട്ട്

രാജ്യത്തിന്റെ മത്സ്യബന്ധന മേഖലയിലെ ഒരു പ്രധാന ഘടകമാണ് ഉൾനാടൻ മത്സ്യബന്ധനം. ഇത് ദേശീയ സമ്പദ്‌വ്യവസ്ഥക്ക് ഗണ്യമായ സംഭാവന നൽകുകയും ദശലക്ഷക്കണക്കിന് ആളുകൾക്ക് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്യുന്നു. ആഗോളതലത്തിലെ രണ്ടാമത്തെ വലിയ മത്സ്യോൽപാദന രാജ്യമാക്കി ഇന്ത്യയെ മാറ്റിയതിൽ അതിന്റെ ഉൾനാടൻ വിഭവങ്ങളുടെ പങ്ക് വളരെ വലുതാണ്. **0.34** ദശലക്ഷം കിലോമീറ്റർ നദികളും കനാലുകളും, **1.45** ദശലക്ഷം ഹെക്ടർ വെള്ളപ്പൊക്ക സമതല തടാകങ്ങളും, **2.75** ദശലക്ഷം ഹെക്ടർ കുളങ്ങളും ടാങ്കുകളും, **2.84** ദശലക്ഷം ഹെക്ടർ ജലസംഭരണികളും ഉൾപ്പെടുന്ന വിശാലവും വൈവിധ്യപൂർണ്ണവുമായ ഉൾനാടൻ മത്സ്യബന്ധന വിഭവങ്ങൾ ഇന്ത്യയ്ക്കുണ്ട്. രാജ്യത്തെ മത്സ്യബന്ധന മേഖലയുടെ നട്ടെല്ലായ ഈ വിഭവങ്ങൾ ഇന്ത്യയെ ലോകത്തിലെ രണ്ടാമത്തെ വലിയ മത്സ്യകൃഷി ഉല്പാദക രാജ്യമാക്കി മാറ്റുന്നു.

**2.** ഉൾനാടൻ മത്സ്യബന്ധന മേഖല പതിറ്റാണ്ടുകളായി ശ്രദ്ധേയമായ വളർച്ച കൈവരിച്ചിട്ടുണ്ട്. ഇന്ത്യയുടെ മൊത്തം മത്സ്യ ഉല്പാദനം **1950-51** ൽ **7.5** ലക്ഷം ടൺ ഉണ്ടായിരുന്നത് **2023-24** ൽ **139** ലക്ഷം ടണ്ണായി വർദ്ധിച്ചു. ഈ പരിവർത്തനത്തിൽ പ്രധാന പങ്ക് വഹിച്ചത് ഉൾനാടൻ മത്സ്യബന്ധന മേഖലയാണ്. ഇപ്പോൾ മൊത്തം മത്സ്യഉല്പാദനത്തിന്റെ **75%** ത്തിലധികം ഉൾനാടൻ മത്സ്യബന്ധന മേഖല വഹിക്കുന്നു. സമീപ വർഷങ്ങളിൽ ഈ മേഖല പ്രത്യേക ചലനാത്മകത കാണിച്ചിട്ടുണ്ട്. **2013-14** ലെ **61** ലക്ഷം ടണ്ണിൽ നിന്ന് **2023-24** ലെ **139** ലക്ഷം ടണ്ണായി ഉൾനാടൻ മത്സ്യബന്ധന ഉല്പാദനം **8.58%** സംയോജിത വാർഷിക വളർച്ച (സിഎജിആർ) രേഖപ്പെടുത്തി ഇരട്ടിയിലധികം വർദ്ധിച്ചു.

**3. 580** കിലോമീറ്റർ കടൽത്തീരമുള്ള കേരളം **34** കായലുകളാൽ സമ്പുഷ്ടമാണ്. ഇവയിൽ **27** എണ്ണം കടലുമായി നേരിട്ട് ബന്ധപ്പെട്ടുകിടക്കുന്നു. **7** എണ്ണം ഉൾനാടൻ ജലാശയങ്ങളാണ്. നദികൾ, തടാകങ്ങൾ, കുളങ്ങൾ തുടങ്ങിയ വിവിധ ജലാശയങ്ങളിലെ മത്സ്യബന്ധനത്തെയും കൃഷി ചെയ്ത മത്സ്യ വിഭവങ്ങളെയും ഉപയോഗപ്പെടുത്തിയുള്ള ഉൾനാടൻ മത്സ്യബന്ധന മേഖല കേരളത്തിന്റെ സാമ്പത്തിക സാമൂഹിക വളർച്ചയിൽ നിർണ്ണായക സംഭാവന നല്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് ഉൾനാടൻ മേഖലയിൽ **113** മത്സ്യഗ്രാമങ്ങളുണ്ട്. പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദികൾ, അരുവികൾ എന്നിവ ശുദ്ധജല മത്സ്യഇനങ്ങളുടെ ജൈവവൈവിധ്യത്തിന് പേരുകേട്ടവയാണ്.

**4.** ഇന്ത്യയിലെ ഏറ്റവും നീളം കൂടിയതും വ്യാപ്തിയുള്ള തണ്ണീർതടവുമായ കേരളത്തിലെ വേമ്പനാട് കായൽ ഉൾനാടൻ മത്സ്യബന്ധനത്തിന് നൽകുന്ന സംഭാവന വിലമതിക്കാൻ പറ്റാത്തതാണ്. തണ്ണീർതടങ്ങളുടെ സംരക്ഷണത്തിനായി

അംഗീകരിച്ച അന്താരാഷ്ട്ര-റംസാർ കൺവെൻഷൻ സൈറ്റിൽ ഉൾപ്പെട്ടിട്ടുള്ള വേമ്പനാട് കായൽ പ്രധാനമായും ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു. പ്രകൃതി ഭംഗി കൊണ്ട് കേരളത്തിലെ ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ വേമ്പനാട് കായലിന്റെ കിഴക്കൻ മേഖല 20,000-ഓളം കടൽപ്പക്ഷികൾ ഉൾപ്പെടെ വിവിധയിനം പക്ഷികൾ കാണപ്പെടുന്ന കുമരകം പക്ഷിസങ്കേതമാണ്. വേമ്പനാട് കായലിനെ ആശ്രയിച്ച് ഒരു പറ്റം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്നുണ്ട്. വേമ്പനാട് കായലിലേക്ക് ഒഴുകുന്ന 10 നദികളാണ് ഈ തടാകത്തെ പോഷിപ്പിക്കുന്നത്.

5. വേമ്പനാട് കായൽ 'ഉൾനാടൻ മത്സ്യകൂട' എന്ന് പരക്കെ അറിയപ്പെടുന്നുണ്ട്. പ്രാദേശിക പരിസ്ഥിതി വിദഗ്ധരുടെ അഭിപ്രായത്തിൽ അറബിക്കടൽ കഴിഞ്ഞാൽ ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തെ ഏറ്റവും വലിയ മത്സ്യഉൽപാദന, മത്സ്യ-ബന്ധന കേന്ദ്രമാണ് വേമ്പനാട് കായൽ.

6. ഉൾനാടൻ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുള്ള പ്രദേശവും മത്സ്യസമ്പത്ത് ലഭ്യതയിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന മേഖലയും കൂടിയാണ് വേമ്പനാട് കായൽ തീരം. ഒരു കാലത്ത് വേമ്പനാട് കായൽ വളരെ സമ്പന്നമായ വിഭവങ്ങളെ നിലനിർത്തുകയും, മത്സ്യബന്ധനത്തെ പിന്തുണയ്ക്കുകയും, ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് വേമ്പനാട് കായലിലെ മത്സ്യബന്ധനം ഗുരുതരമായ ഭീഷണി നേരിടുന്നു.

7. കായൽ മലിനീകരണം, കായൽ നികത്തൽ, പോള പായലിന്റെ വ്യാപനം, എക്കൽ അടിഞ്ഞുകൂടൽ, കായലിന്റെ ആഴം കുറയൽ, കായൽ കൈയ്യേറ്റം തുടങ്ങിയവ സംബന്ധിച്ച് നിരവധി പരാതികൾ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പരിഗണനയിലുണ്ട്. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഈ മേഖല സങ്കീർണ്ണമായ പ്രതിസന്ധികളിലൂടെയും പ്രയാസങ്ങളിലൂടെയുമാണ് കടന്നുപോകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ കായൽ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് സജീവമായ ഇടപെടൽ നടത്തേണ്ടത് അനിവാര്യമാണെന്ന് സമിതിയ്ക്ക് ബോധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും വേമ്പനാട് കായലിലെ മലിനീകരണം സംബന്ധിച്ചും സമഗ്രമായ പഠനം നടത്തുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി സമിതി കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ സന്ദർശനം നടത്തുകയും പ്രസ്തുത വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായും, മത്സ്യത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ എന്നിവരുടെ പ്രതിനിധികളുമായും ചർച്ചകൾ നടത്തുകയും മത്സ്യത്തൊഴിലാളികളിൽ നിന്നും അനുബന്ധ തൊഴിലാളികളിൽ നിന്നും ഹർജികൾ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത സന്ദർശന യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

**8.** വേമ്പനാട് കായലിലെ ഉൾനാടൻ മത്സ്യബന്ധനത്തെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് മൺസൂൺ കാലയളവിൽ കുട്ടനാടൻ പാടശേഖരങ്ങളിൽ നിന്നും വർഷംതോറും ധാരാളമായി വന്നടിയുന്ന പോളപ്പായലുകൾ. ഇത്തരത്തിൽ വന്നടിയുന്ന പോളപ്പായലുകൾ മത്സ്യബന്ധനത്തിനും ജലഗതാഗതത്തിനും കാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടനാടൻ പാടശേഖരങ്ങളിൽ നിന്നും കായലിൽ എത്തിച്ചേരുന്ന പോളപ്പായൽ തണ്ണീർമുക്കം ബണ്ട് മുതൽ വടക്കോട്ട് അരൂർ മേഖല വരെ ബാധിക്കുകയും ഊന്നി കുറ്റികളിൽ വന്നടിയുകയും ചെയ്യുന്നതുകാരണം മത്സ്യബന്ധനത്തിനു ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന് സന്ദർശനവേളയിൽ സമിതിയ്ക്ക് ബോധ്യപ്പെട്ടു. പോളപ്പായലിന്റെ ആധിക്യം മൂലം ജൂലൈ മുതൽ ജനുവരി വരെ 7 മാസക്കാലം മത്സ്യബന്ധനം നടത്താൻ കഴിയാതെ വരികയും അതുമൂലം തൊഴിൽ നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. കുട്ടനാടൻ പാടങ്ങളിൽ നിന്നും പുറം തള്ളുന്ന പോളകൾ പടർന്ന് പന്തലിച്ച്, വലിയ കെട്ടുകളായി ഊന്നിക്കുറ്റികളിൽ വന്ന് വീഴുന്നത് മൂലം ഊന്നിയും വലകളും നഷ്ടപ്പെടുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ഉപകരണങ്ങൾ നശിക്കുന്നതിനും കാരണമാകുന്നു.

**9.** പോളപ്പായൽ വന്നടിയുന്നത് വലിയ അളവിൽ ആയതുകൊണ്ട് തന്നെ അത് കായലിന്റെ ആഴത്തെ വലിയ രീതിയിൽ ബാധിക്കുന്നു. കായലിന്റെ ഉപരിതലത്തിൽ പോളകൾ നിറയുമ്പോൾ സൂര്യപ്രകാശം ജലാശയത്തിന് അടിയിലേക്ക് എത്താതെ ജലത്തിലെ ഓക്സിജൻ നഷ്ടപ്പെടുകയും മത്സ്യങ്ങളുടെ വളർച്ചയ്ക്ക് വിഘാതമാവുകയും ചെയ്യുന്നു. കൂടാതെ, ഓര് ജലമാകുന്ന സമയത്ത്, വലിയൊരു ഭാഗം അഴുകിപ്പോകുന്നതുകൊണ്ട് കായലിലെ ജലത്തിലെ ഓക്സിജന്റെ അളവ് ഗണ്യമായ രീതിയിൽ കുറയുന്നതിനും ഇത് മത്സ്യത്തിന്റെ ഉൽപാദനത്തിന് തടസ്സമാവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള പോളപായലിന്റെ ആധിക്യം മത്സ്യബന്ധന യാനങ്ങൾ കരയ്ക്കടുപ്പിക്കുന്നതിന് ബുദ്ധിമുട്ടാകുന്നുമുണ്ട്.

**10.** തണ്ണീർമുക്കം ബണ്ട് വർഷം മുഴുവൻ തുറന്നിടുന്നത് പോളപായൽ നശീകരണത്തിന് ഉചിതമായ മാർഗ്ഗമാണെങ്കിലും അത് കൃഷിയെ ദോഷകരമായി ബാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ബണ്ടിന്റെ ഷട്ടർ എല്ലാ വർഷവും ഡിസംബർ 15 മുതൽ മാർച്ച് 15വരെ അടച്ചിടുന്നതാണ് നിലവിലെ രീതിയെന്നും ആലപ്പുഴ ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ഉപദേശക സമിതിയുടെ നിർദ്ദേശ പ്രകാരമാണ് ബണ്ടിന്റെ ഷട്ടറുകൾ അടയ്ക്കുകയും തുറയ്ക്കുകയും ചെയ്യുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പോളപായൽ നിർമ്മാർജ്ജനത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതിലൂടെ മാത്രമേ മത്സ്യബന്ധനം സുഗമമാകുകയുള്ളൂവെന്നും മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര വരുമാനം ലഭിക്കുകയുള്ളൂവെന്നും സമിതി വിലയിരുത്തുന്നു.

**11.** പോളപ്പായൽ നിർമാർജ്ജനം ചെയ്യുന്നത് ഫലപ്രദമായ ഒരു മാർഗ്ഗമാണ് പാടശേഖര സമിതികളുടെ സഹായത്തോടെ ഉറവിടങ്ങളിൽ വച്ച് തന്നെയുള്ള പോളപ്പായൽ നിർമാർജ്ജനം. ഇതിനായി മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണം ,കൃഷി, ജല വിഭവം എന്നീ വകുപ്പുകളുമായി

ചേർന്ന്  ഒരു സംയുക്ത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

12.പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാതെ പോളനിർമാർജ്ജനത്തിനുള്ള മാർഗങ്ങളാണ്;

1. പോള പായലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം
2. ജൈവവള പ്ലാന്റിൽ അസംസ്കൃത വസ്തുവായുള്ള ഉപയോഗം

അതിനാൽ,കായലിൽ അടിഞ്ഞുകൂടുന്ന പോളപായൽ ശേഖരിച്ച് കരയിൽ എത്തിച്ച ശേഷം അവ ജൈവവള പ്ലാന്റിൽ ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ അവയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളോ ജലവിഭവ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**13.** വേമ്പനാട് കായലിലെ ഉൾനാടൻ മത്സ്യബന്ധനത്തിന് മറ്റൊരു ഭീഷണിയായി തീർന്നിരിക്കുന്നത് കായൽ തീരത്ത് അടിഞ്ഞുകൂടുന്ന എക്കൽമണ്ണാണ്(ചെളി). ഇത്തരത്തിൽ എക്കൽമണ്ണ് അടിഞ്ഞുകൂടുന്നത് കായലിന്റെ സ്വതന്ത്രവും സ്വഭാവികവുമായ ഒഴുക്ക് കുറയ്ക്കുന്നതിനും കായലിന്റെ സ്വഭാവിക വീതിയും ആഴവും കുറയുന്നതിനും കാരണമാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കായലിൽ അടിഞ്ഞുകൂടുന്ന എക്കൽമണ്ണ് യഥാസമയം നീക്കം ചെയ്യുന്നതിലൂടെ കായലിലേക്കുള്ള ജലത്തിന്റെ സ്വതന്ത്രമായ ഒഴുക്ക് ഉറപ്പാക്കുന്നതിനും അതിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൻമൂലം മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര തൊഴിൽ സാധ്യതക്കും വരുമാന വർദ്ധവിനും സഹായകരമാകുമെന്നും സമിതി വിലയിരുത്തുന്നു

**14.** വേമ്പനാട് കായലിലും അനുബന്ധ കായലുകളിലും അടുത്ത കാലത്തായി കണ്ടുവരുന്ന അസാധാരണ വേലിയേറ്റം മൂലം കായലോരവാസികൾ വലിയ ദുരന്തം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ അടിഞ്ഞു കൂടുന്ന എക്കൽ കായലിൽ നിന്നും നീക്കം ചെയ്ത് ആഴം കൂട്ടുന്നതിനോടൊപ്പം ഇങ്ങനെ എടുക്കുന്ന മണ്ണ് ഉപയോഗിച്ച് കായലോരവാസികളുടെ താമസസ്ഥലം ഉയർത്തുന്നത് വേലിയേറ്റം മൂലമുണ്ടാകുന്ന ദുരിതത്തിൽ നിന്ന് ഒരുപരിധി വരെ കായലോരവാസികൾക്ക് ആശ്വാസകരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. വേമ്പനാട് കായലിന്റെ സംഭരണശേഷിയെപ്പറ്റി വിലയിരുത്തുന്നതിനും നിലവിലത്തെ അടിത്തട്ടിന്റെ നിരപ്പിനെ സംബന്ധിച്ചും നീക്കംചെയ്യേണ്ട എക്കലിന്റെ അളവിനെ സംബന്ധിച്ചും ഈ എക്കൽ ഉപയോഗിച്ച് കായലോരവാസികളുടെ താമസസ്ഥലം ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ചും ജല വിഭവ വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിലുള്ള തീര സംരക്ഷണ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**15.** ആലപ്പുഴ ജില്ലയിൽ വേമ്പനാട് കായലിന്റെ വിവിധ തീരപ്രദേശങ്ങളിൽ കായലിൽ നിന്നും നീക്കം ചെയ്യുന്ന എക്കൽ ഉപയോഗിച്ച് കായലിന്റെ വശം സംരക്ഷിക്കുന്നതിനും പാടത്തിന്റെ ബണ്ട് ഉയർത്തുന്നതിനും കയർ ഭൂവസ്ത്രം

വിരിച്ച് ദൃഢപ്പെടുത്തുന്നതിനും കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിനും ഉള്ള ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ് എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി വേമ്പനാട് കായലിന്റെ മുഴുവൻ തീരപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നും ഇതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് ജലവിഭവ വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു

16. വേലിയേറ്റ സമയങ്ങളിൽ കായലോരത്ത് വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ വീടുകളുടെ ഇഷ്ടികകൾക്ക് വിള്ളലുണ്ടാവുകയും ഇങ്ങനെ നശിക്കുന്ന വീടുകൾ ഓരോ വർഷവും പുനർനിർമ്മിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയുമാണ് നിലവിലുള്ളത്. വേലിയേറ്റ സമയങ്ങളിൽ കായലോരവാസികളുടെ വീടുകളിൽ ഉപ്പുവെള്ളം കയറി, നശിക്കുന്നത് തടയുന്നതിനുള്ള മറ്റൊരു ഉചിതമായ മാർഗ്ഗം ജലാശയങ്ങളുടെ തീരങ്ങൾ കല്ലു കെട്ടി സംരക്ഷിക്കുന്നതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വേലിയേറ്റ സമയങ്ങളിൽ കായലോരവാസികളുടെ വീടുകളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ജലാശയങ്ങളുടെ തീരങ്ങൾ കല്ലു കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. വേമ്പനാട് കായലിലും അനുബന്ധ കായലിലുമുണ്ടാകുന്ന ഇത്തരം വേലിയേറ്റങ്ങൾ കാരണം കായലോരവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. കഴിഞ്ഞ മൂന്ന്-നാല് വർഷമായി വേലിയേറ്റ സമയത്തുണ്ടാകുന്ന വെള്ളപൊക്കം മൂലം കായൽ കരകവിഞ്ഞൊഴുകയും കായലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് പ്രാഥമിക കർമ്മങ്ങൾ പോലും നിർവ്വഹിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായതായും സമിതി മനസ്സിലാക്കുന്നു. പരമ്പരാഗതമായി കായൽ തീരങ്ങളിൽ താമസിച്ചുകൊണ്ടിരിക്കുന്ന മത്സ്യതൊഴിലാളികളുടെ വീടുകളുടെ പുനർനിർമ്മാണത്തിന് തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിടുന്നുണ്ട്. തീരദേശങ്ങളിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി ഉൾനാടൻ മേഖലയിലേക്കും വ്യാപിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. അതിനാൽ കായലോരത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഉൾനാടൻ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. വേമ്പനാട് കായലുകളിൽ മത്സ്യബന്ധനത്തിനായി വർഷങ്ങളായി ഉപയോഗിച്ചുവരുന്ന ഒരു രീതിയാണ് ഊന്നിവല/ചീനവല കൊണ്ടുള്ള മത്സ്യബന്ധനം. സംസ്ഥാനത്ത് ഏറ്റവും അധികം ഊന്നിവല/ ചീനവലകൾ ഉള്ളത് ആലപ്പുഴ ജില്ലയിലാണ്. മുപ്പതിനായിരത്തിലധികം തൊഴിലാളികളാണ് വേമ്പനാട്, കായംകുളം കായലുകളിൽ ഈ വലകൾ ഉപയോഗിക്കുന്നത്. പ്രകൃതിക്കിണങ്ങുന്ന തരത്തിൽ വേലിയേറ്റ-വേലിയിറക്കത്തെ അടിസ്ഥാനപ്പെടുത്തി ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്ന ഉൾനാടൻ തൊഴിലാളികൾ നിലവിൽ നേരിടുന്ന

പ്രശ്നങ്ങൾ നിരവധിയാണ്. കായലുകളിൽ ഒഴുക്ക് കുറഞ്ഞു വരുന്നത് ഈ മത്സ്യബന്ധന രീതിയെ സാരമായി ബാധിക്കുന്നുണ്ട്. കൂടാതെ, പൂർവ്വികർ ഇഷ്ടദാനം/ഭാഗ ഉടമ്പടി നൽകാത്തത് മൂലം നിയമപരമായി ഊന്നി/ചീനവലകളുടെ ഉടമസ്ഥാവകാശ കൈമാറ്റത്തിന് തടസ്സം നേരിടുന്നുണ്ട്.

**19.**പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് **2010**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ്, **2013**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടം എന്നിവ നിർമ്മിക്കപ്പെട്ടത്. എന്നാൽ **2021**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ്, ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുകയുണ്ടായി. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഊന്നിവല/ചീനവല മുതലായവയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ കൂടുതൽ സങ്കീർണമാക്കുന്നു.

**20. 2010**-ലെ ആക്റ്റിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ **2013**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടത്തിലാണ് ഉടമസ്ഥാവകാശ കൈമാറ്റത്തിന്റെ വ്യവസ്ഥ നിർണ്ണയിച്ചിരുന്നത്. ആയതു പ്രകാരം ചട്ടം **23(1)(i)**-ൽ "മത്സ്യബന്ധന ഉരുക്കൾ, സ്വതന്ത്ര വലകൾ, സ്ഥാവര വലകൾ, ഫാമുകൾ, ഹാച്ചറികൾ എന്നിവ നിയമാനുസൃതം പിന്തുടർച്ച അവകാശിക്കോ അല്ലെങ്കിൽ മത്സ്യത്തൊഴിലാളിക്കോ അല്ലെങ്കിൽ മത്സ്യത്തൊഴിലാളി സംഘത്തിനോ അല്ലാതെ മറ്റൊരാൾക്കും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും സ്വതന്ത്ര വലകൾ ഒഴികെയുള്ള സംഗതികളിൽ ഒരു രജിസ്റ്റർ ചെയ്ത ഉടമ്പടി പ്രകാരം അല്ലാതെ കൈമാറ്റം നടത്തുവാൻ പാടുള്ളതല്ല" എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇതു പ്രകാരം പരമ്പരാഗത കൈമാറ്റത്തിലൂടെ ഊന്നിവല/ചീനവല എന്നിവയുടെ ഉടമസ്ഥാവകാശം സ്ത്രീകൾക്ക് ലഭിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ, **2021**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ഭേദഗതി ആക്റ്റിലെ വകുപ്പ് **10(1)**(എ) പ്രകാരം (**14**-ാം വകുപ്പ് ഭേദഗതി) "ഏതൊരു ഉറപ്പിച്ച യന്ത്രത്തിന്റെയും ഉടമസ്ഥാവകാശം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും രേഖാമൂലം ലഭിച്ച ഒരു അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമാനുസൃത പിന്തുടർച്ച അവകാശിക്കോ അയാൾ മത്സ്യത്തൊഴിലാളി അല്ലാത്ത സംഗതിയിൽ മറ്റൊരു മത്സ്യത്തൊഴിലാളിക്കോ കൈമാറ്റം ചെയ്യുവാൻ പാടുള്ളൂ" എന്നാണ്. ഇതിലൂടെ നിയമാനുസൃതം പിന്തുടർച്ചവകാശിക്ക് പരമ്പരാഗതമായി സിദ്ധിച്ച ഊന്നിവല/ചീനവലകളുടെ ഉടമസ്ഥാവകാശം നഷ്ടമാകുന്നു.

**21.** പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തലമുറകളായി കൈമാറി വരുന്ന ഊന്നി വല/ ചീനവലകളുടെ ഉടമസ്ഥാവകാശം പുനഃസ്ഥാപിക്കുന്നതിന് കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (ഭേദഗതി) ചെയ്യുന്നത് ഉചിതമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ <u>പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശസംരക്ഷണം ഉറപ്പുവരുത്തുന്നതിനും പൂർവ്വികർ ഇഷ്ടദാനം/ ഭാഗ ഉടമ്പടി നൽകാത്തത് മൂലം കൈമാറ്റം ചെയ്യപ്പെടാനാകാതെ കിടക്കുന്ന ഊന്നിവലകൾ/ചീനവലകൾക്ക് ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതിനുമായി കേരള</u>

ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**22.** **2021**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് നിലവിൽ വന്നുവെങ്കിലും നാളിതുവരെ പ്രസ്തുത നിയമത്തിന് അനുസൃതമായുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നിയമം പ്രാബല്യത്തിൽ വന്ന് **90** ദിവസത്തിനുള്ളിൽ ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അതിനാൽ **2021**ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ചട്ടങ്ങൾ അടിയന്തരമായി നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**23.** **2010**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കിയ **2015**-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ചട്ടങ്ങൾ **(SRO NO.115/2015)** പ്രകാരം **20mm** കണ്ണിവലിപ്പത്തിനു താഴെയുള്ള വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശിക്ഷാർഹമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഉൾനാടൻ മേഖലയിൽ കണ്ടുവരുന്ന കൊഴുവ പോലുള്ള മത്സ്യങ്ങളെ ചെറിയ കണ്ണിവലിപ്പമുള്ള വലകൾ ഉപയോഗിച്ച് മാത്രമേ പിടിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതിനായി മത്സ്യഇനത്തിനും വലിപ്പത്തിനും അനുസരിച്ചുള്ള കണ്ണിവലിപ്പം നിശ്ചയിച്ചു നൽകി ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ മത്സ്യഇനത്തിനും വലിപ്പത്തിനും അനുസരിച്ച് വലകൾക്ക് കണ്ണിവലിപ്പം നിശ്ചയിക്കണമെന്നും അതിനാവശ്യമായ ചട്ട ഭേദഗതി കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**24.** ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയിലെ പൊഴി കൃത്യമായ സമയത്ത് മുറിക്കാത്തത് വേമ്പനാട് കായലിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ്. യഥാസമയം പൊഴി മുറിക്കാത്തതിനാൽ ഓരു വെള്ളം കയറുന്നത് തടസ്സപ്പെടുകയും ഇത് മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണവും ആകുന്നു. ആയതിനാൽ, അന്ധകാരനഴിമുഖത്ത് നിന്നും മണൽ നീക്കം ചെയ്ത്, പൊഴി കൃത്യമായ ഇടവേളകളിൽ മുറിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**25.** കോട്ടയം ജില്ല ഒരു ഉൾനാടൻ മത്സ്യബന്ധന മേഖലയാണ്. കോട്ടയം ജില്ലയുടെ തീരദേശ മേഖല വടക്ക് പൂന്തോട്ട മുതൽ തെക്ക് കുമരകം വരെയാണ്. വൈക്കം ഭാഗത്തുമാത്രം നിരവധി മത്സ്യബന്ധനയാനങ്ങളും മത്സ്യത്തൊഴിലാളികളുമുണ്ട്. വള്ളക്കടവുകൾ ഇല്ലാത്തതുമൂലം യാനങ്ങൾ അടുപ്പിക്കുന്നതിന് മത്സ്യത്തൊഴിലാളികൾ വളരെ ബുദ്ധിമുട്ടുന്നുണ്ടെന്ന് വൈക്കം സന്ദർശനവേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. അതുപോലെ കാലാവസ്ഥാ

വ്യതിയാനം ഉണ്ടായാൽ മത്സ്യബന്ധനയാനങ്ങൾക്ക് സുരക്ഷിതമായി പ്രവേശിക്കാൻ കഴിയുന്നൊരു സാഹചര്യം ആലപ്പുഴ ജില്ലയിലും ഇല്ല. ആലപ്പുഴയിലെ അരൂർ മേഖലയിൽ വള്ളങ്ങൾ കയറ്റുവാനും ഇറക്കുന്നതിനും ലാന്റിംഗ് സെന്ററുകൾ ഇല്ലാത്തതിനാൽ മത്സ്യബന്ധന തൊഴിലാളി വളരെയധികം ബുദ്ധിമുട്ട് അനുവദിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>വൈക്കം, അരൂർ എന്നീ മേഖലകളിൽ മത്സ്യബന്ധനയാനങ്ങൾക്ക് സുരക്ഷിതമായി പ്രവേശിക്കുന്നതിനും വള്ളങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും ആവശ്യമായ ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

**26.** പ്രകൃതിക്ഷോഭം നേരിടുന്ന സാഹചര്യങ്ങളിൽ വള്ളങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തത് ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികൾ നേരിടുന്ന വലിയ പ്രശ്നമാണ്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ വള്ളങ്ങൾക്ക് പോലും നിലവിൽ ഇൻഷുറൻസ് പരിരക്ഷയില്ല. അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മൂലം മത്സ്യബന്ധനോപകരണങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കുന്നത് സ്ഥിരം കാഴ്ചയാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇൻഷുറൻസ് പരിരക്ഷ നൽകുന്നത് ഒരു പരിധിവരെ തൊഴിലാളികൾക്ക് ആശ്വാസമേകുന്നതാണ്. ഉൾനാടൻ മേഖലയിൽ വള്ളങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കുന്നത് ഏറ്റവും ഉചിതമായ ഒരു നടപടി ആയിരിക്കും. അതിനാൽ <u>പ്രകൃതിക്ഷോഭങ്ങളേയും കാലാവസ്ഥാ വ്യതിയാനങ്ങളേയും അതിജീവിക്കുന്നതിന് ഉൾനാടൻ മേഖലയിൽ മത്സ്യബന്ധനോപകരണങ്ങൾക്ക് അടിയന്തരമായി ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

**27.** സമുദ്രോല്പന്നളുടെ കയറ്റുമതിയിൽ ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിതരുന്നതിൽ മുൻപന്തിയിലാണ് ചെമ്മീൻ. മത്സ്യബന്ധനത്തിനുശേഷം മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണിയിൽ എത്തിക്കുന്നതിനും മത്സ്യം സംസ്കരിക്കേണ്ടതായുണ്ട്. അതുകൊണ്ടുതന്നെ ചെമ്മീൻ സംസ്കരണത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നവരാണ് പീലിംഗ് തൊഴിലാളികൾ. കേരളത്തിലെ തീരദേശ മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെ പ്രധാന വരുമാന മാർഗമാണ് ചെമ്മീൻ പീലിങ്.

**28.** സംസ്ഥാനത്ത് **853** പീലിംഗ് ഷെഡുകൾ/ഫിഷ് പ്രോസസിങ്ങ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവിടെ **2.25** ലക്ഷം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ എടുക്കുന്നുണ്ടെന്നും ഇതിൽ **90%** വനിതകൾ ആണെന്നും കണക്കാക്കുന്നു. കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലാണ് ഭൂരിപക്ഷം പീലിംഗ് ഷെഡുകൾ/ഫിഷ് പ്രോസസിങ്ങ് പ്ലാന്റുകൾ പ്രവർത്തിക്കുന്നത്. കയറ്റുമതിയിലൂടെ വിദേശ നാണ്യം നേടിതരുന്നതിൽ ചെറുതല്ലാത്ത പങ്കുവഹിക്കുന്ന പീലിംഗ് തൊഴിലാളികളുടെ ജീവിതം ദുരിതത്തിലാണ്. തൊഴിൽ സമയംപോലും നിജപ്പെടുത്താത്ത ഈ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ വളരെ കുറഞ്ഞ വേതനത്തിലാണ്

പണിയെടുക്കുന്നത്. കേരള സർക്കാർ തൊഴിലും നൈപുണ്യവും (ഇ) വകുപ്പിന്റെ **02.08.2018** തീയതിയിലെ സ.ഉ.(അച്ചടി) **62/2018**/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് മത്സ്യവിഭവങ്ങളുടെ കയറ്റുമതി മേഖലയിൽ ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫ്രീസിംഗ് പ്രവർത്തികൾ നടത്തിവരുന്ന പീലിങ്ങ് ഷെഡുകൾ ഫിഷ് പ്രോസസിങ്ങ് പ്ലാന്റുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാനശമ്പളം, ക്ഷാമബത്ത, സർവ്വീസ് വെയിറ്റേജ് എന്നിവ ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എല്ലാ പീലിംഗ് തൊഴിലാളികൾക്കും മിനിമം വേതനം സംബന്ധിച്ച മേൽ ഉത്തരവ് നടപ്പിൽ വരുത്താൻ നാളിതുവരെ സാധിച്ചിട്ടില്ലെന്ന് സമിതിയുടെ പരിഗണനയിലുള്ള പരാതികളിൽ നിന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

**29.** പീലിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിന് പീലിംഗ് ഷെഡ് ഉടമകളുടെ സഹകരണം കൂടിയേ മതിയാകുവെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ എല്ലാ പീലിംഗ് തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും കാലാനുസൃതമായി അത് പുനർനിശ്ചയിക്കുന്നതിനും പീലിംഗ് ഷെഡ് ഉടമകളുടെയും ജനപ്രതിനിധികളുടെയും യോഗം ചേരുന്നത് ഉചിതമായിരിക്കും. അതിനായി മത്സ്യബന്ധന തുറമുഖ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ പീലിംഗ്ഷെഡ് ഉടമകളുടെയും സംഘടനാപ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും യോഗം ചേർന്ന് പീലിംഗ് തൊഴിലാളികൾ ക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**30.** സംസ്ഥാനത്ത് മത്സ്യവിഭവങ്ങളുടെ കയറ്റുമതി മേഖലയിൽ ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫ്രീസിംഗ് പ്രവർത്തികൾ നടത്തിവരുന്ന പീലിങ്ങ് ഷെഡുകൾ/ ഫിഷ് പ്രോസസിങ്ങ് പ്ലാന്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണമെന്ന് **MPEDA Act & Rules, 1972** പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, രജിസ്ട്രേഷൻ ലഭിക്കുന്നതിന് അടിസ്ഥാന അനുബന്ധസൗകര്യങ്ങൾ ഉറപ്പാക്കണമെന്നുണ്ട്. **MPEDA Act & Rules** രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്ന പീലിംഗ് ഷെഡുകൾ/ ഫിഷ് പ്രോസസിങ്ങ് പ്ലാന്റുകളിൽ ജോലി ചെയ്യുന്നവർക്ക് **ESI** ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിരവധി പീലിങ്ങ് ഷെഡുകൾ/ ഫിഷ് പ്രോസസിങ്ങ് പ്ലാന്റുകൾ നിർദ്ദിഷ്ട രജിസ്ട്രേഷൻ ഇല്ലാതെ, പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോട് കൂടിമാത്രം പ്രവർത്തിക്കുന്നുണ്ട്. പ്രീ പ്രൊസസ്സിംഗ് സെന്ററുകളായി പ്രവർത്തിക്കുന്ന പീലിംഗ് ഷെഡുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്, മിനിമം വേതനം എന്നിവ മിക്ക സ്ഥലങ്ങളിലും ലഭിക്കുന്നില്ലെന്നും സ്ഥിരമായ തൊഴിലിൽ ഏർപ്പെടുന്നവരുടെ അഭാവത്തിൽ തൊഴിലുടമ ഇ.എസ്.ഐ., പി.എഫ് തുടങ്ങിയ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.ലേബർ കമ്മീഷറുടെ കീഴിൽ പരിശോധനകൾ നടത്തുന്നുണ്ടെങ്കിലും അത്

ഫലപ്രദമാകുന്നില്ല. മേൽ സാഹചര്യത്തിൽ, ചെമ്മീൻ പീലിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ കർശനമായി നടത്തണമെന്നും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡുകൾ കണ്ടെത്തുന്നപക്ഷം ഉടമകൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**31.** പീലിംഗ് തൊഴിലാളികൾക്കിടയിലെ ആരോഗ്യപ്രശ്നങ്ങൾ വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. വെള്ളം കെട്ടികിടക്കുന്ന ചെമ്മീൻ പീലിംഗ് ഷെഡുകളിലെ തണുത്ത പ്രതലത്തിൽ ദീർഘനേരം കുനിഞ്ഞിരുന്ന് ചെമ്മീൻ പൊളിക്കേണ്ടി വരുന്നത് തൊഴിലാളികൾക്കിടയിൽ ശാരീരിക വൈഷമ്യങ്ങൾക്ക് കാരണമാകന്നു. ഇത്തരത്തിൽ പ്രതികൂല സാഹചര്യത്തിൽ പ്രവർത്തിയെടുക്കുന്ന പീലിംഗ് തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ചെമ്മീൻ പീലിംഗ് ഷെഡുകളിൽ പരിശോധന നടത്തി ഇ.എസ്.ഐ. ആക്റ്റ് അനുശാസിക്കുന്ന പ്രകാരം ഷെഡുകളിൽ തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം അർഹരായവരെ ഇ.എസ്.ഐ. പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ബോണസ്, മിനിമം വേതനം എന്നിവ നൽകാത്ത തൊഴിലുടമകൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**32.** പീലിംഗ് മേഖലയിൽ തൊഴിലാളികൾ ദീർഘസമയം നനവുള്ള അന്തരീക്ഷത്തിലും മൂർച്ചയുള്ള ഉപകരണങ്ങളും രാസവസ്തുക്കളും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഉൾനാടൻ മത്സ്യത്തൊഴിലാളി പീലിംഗ് മേഖലയിലെ തൊഴിലാളികൾ നേരിടുന്ന അപകടസാധ്യത, ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തിക അനിശ്ചിതത്വം എന്നിവ കണക്കിലെടുത്താൽ, ഈ മേഖലയിലൊരു പ്രത്യേക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. അപകടങ്ങളോ രോഗങ്ങളോ സംഭവിച്ചാൽ ചികിത്സാചെലവ് പൂർണമായും തൊഴിലാളികൾ തന്നെ വഹിക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ചെറിയ അപകടങ്ങൾ പോലും ഗുരുതരമായ ചികിത്സ ആവശ്യമായ അവസ്ഥയിലേക്ക് മാറുന്ന സംഭവങ്ങൾ അപൂർവമല്ല. അതിനാൽ പീലിംഗ് തൊഴിലാളികളെ സഹായിക്കുന്നതിനായി ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**33.** സമിതിക്ക് ലഭിച്ച നിരവധി ഹർജികളിൽ നിന്നും പല പീലിംഗ് ഷെഡുകളിലും തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താറില്ലെന്ന പരാതി നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എല്ലാ പീലിംഗ് ഷെഡുകളിലും ഹാജർ നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**34.** സംസ്ഥാനത്തെ ചെമ്മീൻ പീലിംഗ് മേഖലയിൽ തൊഴിലെടുക്കുന്ന പതിനായിരക്കണക്കിന് സ്ത്രീ തൊഴിലാളികൾക്ക് അർഹതപ്പെട്ട മിനിമം വേതനമോ മെച്ചപ്പെട്ട വേതനമോ ആരോഗ്യകരമായ അടിസ്ഥാന സൗകര്യങ്ങളോ ലഭിക്കുന്നില്ല എന്ന വിഷയത്തിന്മേൽ ശ്രീ.എച്ച്.സലാം എം.എൽ.എ. നിയമസഭയിൽ നടത്തിയ

ശ്രദ്ധ ക്ഷണിക്കലൂടെ ഉന്നയിച്ചതിനെ തുടർന്ന് ചെമ്മീൻ പീലിംഗ് അടക്കം സംസ്ഥാനത്ത് മത്സ്യസംസ്കരണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികളെ കുറിച്ച് പഠിക്കുന്നതിനും അവരുടെ തൊഴിൽ, ജീവിത, സാമ്പത്തിക, ആരോഗ്യനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ **06.03.2025**-ലെ ഉത്തരവിൻപ്രകാരം പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ലേബർ കമ്മീഷൻ, ഇ.എസ്.ഐ. ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ, വിവിധ ട്രേഡ് യൂണിയനുകൾ എന്നിവരാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ. സമിതി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ ഇതു സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും ഉത്തരവിലുണ്ട്. എന്നാൽ **06.03.2025**-ലെ സ.ഉ.(സാധാ) നം.**298/2025-LBR** പ്രകാരം രൂപീകരിച്ച പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം പ്രവർത്തനം മന്ദഗതിയിൽ ആണെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിനാൽ മത്സ്യസംസ്കരണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികളെ കുറിച്ച് പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സർക്കാർ നിയോഗിച്ച പ്രത്യേക കമ്മിറ്റി എത്രയും വേഗം നടപടി ക്രമങ്ങൾ പൂർത്തീകരിക്കണമെന്നും അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു

**35.** ഉൾനാടൻ സെക്ടറിൽ താമസിക്കുന്ന ഒരാൾ കടലിൽ മത്സ്യബന്ധനം നടത്തുകയാണെങ്കിലും അവർക്ക് കടൽ മത്സ്യത്തൊഴിലാളി എന്ന പേരിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയില്ലെന്ന് ആലപ്പുഴ സന്ദർശന വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. തീരദേശത്തെ ജനങ്ങളെ തീരദേശ സെക്ടറിലും ഉൾനാടൻ പ്രദേശത്തെ ജനങ്ങളെ ഉൾനാടൻ സെക്ടറിലും ഉൾപ്പെടുത്തിയാണ് നിലവിൽ ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗത്വം നൽകുന്നത്. കോവിഡിനുശേഷം ആലപ്പുഴ ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ധാരാളമാളുകൾ ഉൾക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നുണ്ട്. എന്നാൽ ഇവർക്കൊന്നും കടൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും പരിരക്ഷകളും ലഭിക്കുന്നില്ല. അതിനാൽ കടലിൽ മത്സ്യബന്ധനത്തിൽ ഏർ പ്പെടുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികളെ കടൽ മത്സ്യത്തൊഴിലാളികൾക്ക് സമാനമായി പരിഗണിച്ച് അവർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**36.** പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കടുത്ത വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന മറ്റൊരു മേഖലയാണ് പൊക്കാളി പാടശേഖരങ്ങളിൽ നടത്തിവരുന്ന മത്സ്യകൃഷി. കേരളത്തിൽ തൃശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ മാത്രമാണ് നാടിന്റെ പൈതൃക സമ്പത്തായ പൊക്കാളി പാടശേഖരങ്ങൾ ഉള്ളത്. ആറുമാസം മത്സ്യകൃഷി ആണെങ്കിൽ മൂന്നുമാസം നെൽകൃഷി ചെയ്യുന്ന സമ്പ്രദായമാണ് പൊക്കാളി കൃഷിയിൽ സ്വീകരിക്കുന്നത്. ഇത്തരം പാടശേഖരങ്ങളിൽ മത്സ്യകൃഷി കഴിഞ്ഞുള്ള സമയങ്ങളിൽ പ്രദേശത്തെ

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തപ്പിയും ചെറിയ വലകളും ഉപയോഗിച്ച് സ്വതന്ത്രമായി മത്സ്യബന്ധനം നടത്തിവന്നിരുന്നു. എന്നാൽ ഇന്ന് പാടശേഖരങ്ങളിൽ മത്സ്യബന്ധനം വിലക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. പാടശേഖരങ്ങൾ എല്ലാം തന്നെ സ്വകാര്യ വ്യക്തികൾ തീറ് വാങ്ങിയവയോ കർഷക സംഘങ്ങളിൽ നിന്ന് മുതലാളിമാർ പാട്ടത്തിന് എടുത്തവയോ ആണ്. ഫലത്തിൽ അവയെല്ലാം സ്വകാര്യസ്വത്തു പോലെ കൈവശം വച്ച് അനുഭവിച്ചു വരികയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈയൊരു അവസ്ഥയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലിടവും തൊഴിലാവകാശങ്ങളും കടുത്ത വെല്ലുവിളികളെ നേരിടുന്നു. പ്രദേശത്ത് ഇത് വലിയ സംഘർഷങ്ങൾക്കും പോലീസ് കേസുകൾക്കും ഇടവരുത്തുന്നുണ്ട്. അതിനാൽ പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികളുടെ തൊഴിലവകാശവും തൊഴിലിടവും സംരക്ഷിക്കുവാൻ പൊക്കാളി പാടശേഖരങ്ങളിൽ മത്സ്യകൃഷി കഴിഞ്ഞുള്ള സമയങ്ങളിൽ പ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള അവകാശം നിയമപരമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**37.** വേമ്പനാട് കായലിനെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുന്ന ഒന്നാണ് കായലിനെതന്നെ രണ്ടായി തിരിക്കുന്ന, ആവാസവ്യവസ്ഥയെ വേർതിരിക്കുന്ന തണ്ണീർമുക്കം ബണ്ട്. പുഞ്ചകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1976-ൽ നിർമ്മിച്ച തണ്ണീർമുക്കം ബണ്ട് വേമ്പനാട് കായലിലുള്ള മനുഷ്യന്റെ ആദ്യ ഇടപെടലാണ്. റഗുലേറ്ററിന്റെ അശാസ്ത്രീയ ഓപ്പറേഷൻ നിമിത്തം, ആറ്റുകൊഞ്ച് പോലുള്ള പ്രജനനത്തിന് വേണ്ടി മാത്രം കായലിലേയ്ക്ക് വരുന്ന മത്സ്യങ്ങളുടെ നിലനിൽപ്പിനെ കാര്യമായി ബാധിക്കുന്നു. പ്രജനന കാലത്ത് ഉപ്പുവെള്ളവും വളർച്ചയ്ക്ക് ശുദ്ധജലവും അനിവാര്യമായി വരുന്ന ഇവയ്ക്ക്, പ്രജനനത്തിനുശേഷം കുഞ്ഞുങ്ങൾ ശുദ്ധജലത്തിലേയ്ക്ക് തിരിച്ച് പോകേണ്ടി വരുന്ന അവസ്ഥയിൽ (ഡിസംബർ,ജനുവരി മാസങ്ങളിൽ) ഷട്ടർ അടച്ചിടുന്നത് ഗണ്യമായ തോതിൽ ഇവയുടെ അളവ് കുറയുന്നതിന് കാരണമാകുന്നു. കാർഷിക കലണ്ടർ പ്രകാരം ഡിസംബർ 15 ന് അടച്ച് മാർച്ച് 15 നാണ് ഷട്ടറുകൾ തുറക്കുന്നത്. എന്നാൽ കുട്ടനാടൻ പാടശേഖരങ്ങളിൽ ജലം ഉയരുമെന്ന കാരണത്താൽ നവംബർ 15-ഓട് കൂടി ഷട്ടറുകൾ അടയ്ക്കുമെന്ന സ്ഥിതിവിശേഷം ഇപ്പോഴുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വേലിയേറ്റ വേലിയിറക്കങ്ങളെ ബാധിക്കുന്നതിനാൽ തന്നെ പാരമ്പര്യമായി ഊന്നിവലകൾ ഉപയോഗിച്ചുവരുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കാതെ വരികയും പലരും ഇതുമൂലം ഈ തൊഴിൽ ഉപേക്ഷിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഉപ്പ് വെള്ളത്തിന്റെ വരവ് കുറയുന്നതുമൂലം, ഏറ്റവും അധികം കണ്ടുവന്നിരുന്ന കറുത്ത കക്കയുടെ വരവ് കുറഞ്ഞുവരുന്നു. അതുപോലെ കണമ്പ്, പൂമീൻ, മൊട്ടകൊഞ്ച്, പ്രാഞ്ഞീൻ, കൂനചെമ്മീൻ, കായൽവാള അടക്കമുള്ള അനേകം മത്സ്യങ്ങൾ തണ്ണീർമുക്കം ബണ്ടിന്റെ തെക്ക് ഭാഗങ്ങളിൽനിന്നും അന്യമായിക്കൊണ്ടിരിക്കുന്നു.

**38.** കുട്ടനാട്ടിലെ നെൽകൃഷി സംരക്ഷിക്കുന്നതിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള തണ്ണീർമുക്കം ബണ്ട് നിശ്ചയിക്കപ്പെട്ടിട്ടുള്ള കാർഷിക കലണ്ടറിന് വിരുദ്ധമായി അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതുമൂലം കുട്ടനാട് മലീനീകരിക്കപ്പെടുകയും മത്സ്യം, കക്ക എന്നിവയുടെ ഉൽപ്പാദനം വല്ലാതെ കുറഞ്ഞുവരുകയും ചെയ്യുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തണ്ണീർമുക്കം ബണ്ട് കാർഷിക കലണ്ടർ പ്രകാരം അടയ്ക്കുകയും തുറയ്ക്കുകയും ചെയ്യണമെന്നും കായലിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന്, നിലവിൽ കോടതിയിലുള്ള കേസ് തീർപ്പാക്കി, തണ്ണീർമുക്കം ബണ്ടിലെ മൺചിറ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**39.** തണ്ണീർമുക്കം ബണ്ടിലെ ഷട്ടറുകൾ പൂർണ്ണമായും അടയ്ക്കുന്ന ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ ലോക്ക് ഗേറ്റുകൾ രാവിലെ **5.30** മുതൽ രാത്രി **9.30** വരെയാണ് പ്രവർത്തിപ്പിക്കാറുള്ളത്. ബണ്ടിന്റെ ലോക്കിന്റെ പ്രവർത്തനം **24** മണിക്കൂറും പ്രവർത്തിപ്പിക്കാത്തത് ദൂരസ്ഥലങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രസ്തുത ലോക്ക് ഗേറ്റുകൾ **24** മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ മതിയായ ജീവനക്കാരുടെ അപര്യാപ്തതയുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ തണ്ണീർമുക്കം ബണ്ടിലെ ലോക്ക് ഗേറ്റുകൾ **24** മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**40.** ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികൾ ഏറ്റവും ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങൾ അനുദിനം മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്ന് കണ്ടു വരുന്നത്. ഏതാണ്ട് **3000** ടണ്ണോളം മൈക്രോ പ്ലാസ്റ്റിക് ജലത്തിന്റെ അടിയിൽ അടിഞ്ഞുകൂടി കായലുകൾ മാലിന്യ കൂമ്പാരങ്ങൾ ആയി മാറുകയാണ്. കേരളത്തിലെ ഏറ്റവും വലിയതും ഭാരതത്തിലെ ഏറ്റവും നീളം കൂടിയ കായലുമായ വേമ്പനാട്കായലിന്റെ സ്ഥിതിയും ഇതിൽ നിന്നും വിഭിന്നമല്ല. മലിനീകരണം, വേമ്പനാട് കായലിന്റെ ജലസംഭരണശേഷി ഗണ്യമായി കുറയ്ക്കുന്നു. കൂടാതെ, മലിനീകരണം കായലിലെ ജലത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുകയും ഇതിലൂടെ കായലിലെ മത്സ്യസമ്പത്തിനെ ഇല്ലാത്താക്കുകയും ചെയ്യുന്നു. കുഫോസ്(**Kerala University of Fisheries and Ocean Studies-2023**) നടത്തിയ പഠനമനുസരിച്ച് **42** വർഷത്തിനിടെ **60** ഓളം ഇനം മീനുകളാണ് വേമ്പനാട് കായലിൽ നിന്ന് അപ്രത്യക്ഷമായത്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് കായലിനെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികളെയാണ്.

**41.** പാടശേഖരങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികൾ അടങ്ങിയ മലിനജലം പൊതുജലാശയങ്ങളിലേക്ക് ഒഴുക്കുന്നത് മത്സ്യസമ്പത്തിനേയും പ്ലവകങ്ങളുടെ ഉത്പാദനത്തെയും വളരെയേറെ ദോഷകരമായി ബാധിക്കുന്നുണ്ട്. കൂടാതെ, കൈനകരി പോലുള്ള സ്ഥലങ്ങളിൽ പ്രദേശവാസികൾ പ്രാഥമിക

ആവശ്യങ്ങൾക്കായി വേമ്പനാട് കായലിലെ ജലം ഉപയോഗിക്കുന്നത് മാരകരോഗങ്ങൾക്ക് കാരണമാകുന്നു. പീലിംഗ് ഷെഡുകളിൽ നിന്നും മത്സ്യ സംസ്കരണ പ്ലാന്റിൽ നിന്നും മലിനജലം കായലിലേക്ക് പുറന്തള്ളുന്നത് മത്സ്യസമ്പത്തിനെ ബാധിക്കുന്നുണ്ട്. കണ്ടൽകാടുകൾക്ക് ഉണ്ടായ നാശം മത്സ്യസമ്പത്തിനെയും മത്സ്യപ്രജനനത്തെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്.

**42.** കൂടാതെ, വേമ്പനാട് കായലിന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന വീടുകളിൽ നിന്നുള്ള ടോയ്ലറ്റ് ഔട്ട് ലെറ്റുകൾ കായലിലേയ്ക്കാണ് തുറന്ന് വച്ചിരിക്കുന്നത്. കൂടാതെ ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ, വിവിധ ഫാക്ടറികളിൽ നിന്നുള്ള കെമിക്കൽ അവശിഷ്ടങ്ങൾ, പീലിംഗ് ഷെഡുകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവ കായലിലേയ്ക്ക് നേരിട്ട് ഒഴുക്കി വിടുന്ന പ്രവണത കായലിനെ മാലിന്യകുമ്പരമാക്കി മാറ്റുന്നു. ഇത്തരം മാലിന്യങ്ങളുടെ അതിപ്രസരം മുഖാന്തിരം ജലത്തിലെ ഓക്സിജന്റെ അളവ് ക്രമാതീതമായി കുറയുകയും അത് മത്സ്യശോഷണത്തിനും അതോടൊപ്പം തന്നെ മത്സ്യങ്ങളിൽ കാഡ്മിയം, ലെഡ് എന്നീ മൂലകങ്ങളുടെ സാന്നിധ്യത്തിനും കാരണമാകുന്നു.

**43.**വിനോദസഞ്ചാരമേഖലയെ പരിപോഷിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഹൗസ് ബോട്ടുകളിൽ നിന്നും മാലിന്യങ്ങൾ കായലിലേക്ക് എത്തുന്നുണ്ട്. നിലവിൽ ഹൗസ് ബോട്ടുകളുടെ ബാഹുല്യം കായൽ പരിസ്ഥിതിക്ക് താങ്ങാവുന്നതിലും അപ്പുറമാണെന്ന് സമിതി മനസ്സിലാക്കുന്നു. **1512** ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള വേമ്പനാട് കായലിൽ ഏകദ്ദേശം **2000**-ത്തോളം ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യസംസ്കരണത്തിന് ആലപ്പുഴ ജില്ലയിൽ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റില്ല. ഹൗസ് ബോട്ടുകളിൽ ബയോ ടാങ്കുകളുള്ളതിനാൽ മൂന്ന് മാസത്തിലൊരിക്കൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് മാലിന്യം കോട്ടയം ഡി.ടി.പി.സി.-ക്ക് കീഴിൽ കുമരകത്ത് **10** സെന്റ് സ്ഥലത്ത് പ്രവർത്തിക്കുന്ന **100** **KLD**യുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് എത്തിച്ച് സംസ്കരിക്കുകയാണ് നിലവിൽ ചെയ്തിരുന്നത്. എന്നാൽ പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് സമിതിയ്ക്ക് കോട്ടയം ജില്ലാ സന്ദർശന വേളയിൽ ബോധ്യപ്പെട്ടു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ കായലിലേയ്ക്ക് തള്ളുന്നുണ്ടെന്ന് ആരോപിച്ചുള്ള നിരവധി പരാതികൾ പ്രസ്തുത സന്ദർശനത്തിൽ സമിതി മുമ്പാകെ ലഭ്യമായിരുന്നു. കായലിൽ പ്രവർത്തിക്കുന്ന **2000**-ത്തോളം ഹൗസ് ബോട്ടുകൾക്ക് ഒരു എസ്.ടി.പി. പര്യാപ്തമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആലപ്പുഴ ജില്ലയിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും കോട്ടയം ജില്ലയിൽ ഡി.ടി.പി.സി.-ക്ക് കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

**44.** വേമ്പനാട് കായലിൽ പ്രവർത്തിക്കുന്ന നിരവധി ഹൗസ് ബോട്ടുകൾ

സമയക്രമം പാലിക്കാതെ രാത്രികാലങ്ങളിലും പ്രവർത്തിക്കുന്നതായി ഉള്ള നിരവധി പരാതികൾ സമിതിയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്. സമയക്രമം പാലിക്കാതെയുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തന മൂലം മത്സ്യബന്ധന ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്ന അനവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ആയതിനാൽ ഹൗസ് ബോട്ടുകൾക്ക് സമയ ക്രമീകരണവും സഞ്ചാര പാതയും നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

45.വേമ്പനാട് കായൽ തീരത്ത് സ്ഥിതി ചെയ്യുന്ന അറവുശാലകൾ, കോഴി വളർത്തൽ കേന്ദ്രങ്ങൾ, പന്നി ഫാം , പീലിംഗ് ഷെഡുകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ കായലിലേക്ക് പുറന്തള്ളുന്നത് തടയുന്നതിനായി കർശന നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. മലിനീകരണ പ്ലാൻറ് പ്രവർത്തിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് വളരെ കൂടുതലായതിനാൽ മലിനീകരണ പ്ലാൻറ് നിർമ്മാണം പൂർത്തിയായി ലൈസൻസ് ലഭ്യമായതിനുശേഷം പ്രസ്തുത പ്ലാന്റ് പ്രവർത്തിപ്പിക്കാതെ കായലിലേക്ക് മാലിന്യങ്ങൾ പുറംതള്ളുന്ന പ്രവണതയും കൂടി വരുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതിനൊരു പരിഹാരം കാണുന്നതിന് മതിയായ മലിനീകരണ നിയന്ത്രണമാർഗങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും പ്ലാന്റ് പ്രവർത്തനസജ്ജമാനമായിട്ടും ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കാതെ കായലിലേക്ക് മാലിന്യം പുറംതള്ളുന്ന സ്ഥാപനങ്ങൾക്കെതിരെയും ലൈസൻസ് റദ്ദാക്കുന്നത് അടക്കമുള്ള കർശന നിയമനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**46.** വേമ്പനാട്ട് കായൽ വൃത്തിയാക്കൽ, ഡ്രഡ്ജിങ്, ശുചീകരണ പ്രക്രിയകളുടെ അഭാവം എന്നിവ വേമ്പനാട്ടുകായൽ മേഖലയിലെ സസ്യജാലങ്ങളെയും മൃഗങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കായൽ മേഖല വൃത്തിയാക്കി മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടുന്നതിലൂടെ മത്സ്യപ്രജനനത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ വേമ്പനാട് കായൽ പരിസ്ഥിതി വീണ്ടെടുക്കൽ യജ്ഞം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ, നെടുമുടി, പെരുമ്പളം, മണ്ണഞ്ചേരി,വെളിയനാട്,അരൂർ,തുറവൂർ,തൈക്കാട്ടുശ്ശേരി തുടങ്ങി 10 പഞ്ചായത്തുകളിലെ കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലെ എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യലും കായലിലെ പോള പായൽ നീക്കം ചെയ്യുന്ന പ്രവർത്തികളും ഉൾപ്പെടുന്നുണ്ട്. ടി. പദ്ധതിക്കായി മൂന്ന് ഘട്ടങ്ങളിലായി 67,11,721/-രൂപ അനുവദിക്കുകയും അത് പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഉപയോഗിച്ച് മുഴുവൻ പ്രവർത്തനങ്ങളും പൂർത്തികരിച്ചിട്ടില്ലെന്നും അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വേമ്പനാട് കായലിന്റെ ആഴം വർദ്ധിപ്പിച്ച്

സ്വാഭാവിക ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്ന പ്രവൃത്തി, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ചേർത്ത്, ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയാക്കി വർഷം തോറും നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**47.**വേമ്പനാട് കായൽ തീരത്തെ ചെറുകിട ചെമ്മീൻ പീലിംഗ് ഷെഡുകൾ മുതൽ വൻകിട സീഫുഡ് എക്സ്സ്പോർട്ടിംഗ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള മത്സ്യ സംസ്കരണ ശാലകളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന മലിന ജലത്തിന്റെ **Biological Oxygen Demand (BOD)** വളരെ കൂടുതലാണ്. എഫ്ലുവന്റ് ടീറ്റ്മെൻറ് പ്ലാന്റ് **(ETP)** സ്ഥാപിച്ച് മലിനജലം പ്രസ്തുത പ്ലാൻറിൽ ശുദ്ധീകരിച്ച് മാത്രം പുറത്ത് വിടുക എന്നതാണ് ആയതിനുള്ള പരിഹാരമാർഗ്ഗം. ആലപ്പുഴ ജില്ലയിൽ അരൂർ ചന്തിരൂർ മേഖലയിലുള്ള പീലിംഗ് ഷെഡുകൾ, എക്സ്പോർട്ടിംഗ് യൂണിറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള മത്സ്യ സംസ്കരണ ശാലകളിൽ നിന്നുള്ള മലിനജലം സംസ്കരിക്കുന്നതിനായി ചന്ദിരൂരിൽ ഒരു **ETP** സംവിധാനം ഒരുക്കുന്നതിന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ടി പൊതു മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാകുന്ന പക്ഷം ടി മേഖലയിലെ മത്സ്യ സംസ്കരണ ശാലകളിൽ നിന്നുള്ള മലിനജലം ചന്തിരൂർ പുത്തൻ തോട്ടിലേക്ക് പുറന്തള്ളുന്നത് തടയാൻ സാധിക്കുന്നതാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ പീലിംഗ് ഷെഡുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കാൻ ചന്തിരൂരിൽ നിർമ്മിക്കുന്ന പൊതു മാലിന്യസംസ്കരണപ്ലാന്റിന്റെ നിർമ്മാണത്തിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**48.** വൈക്കം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്നതും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ**(KSCADC)** സഹായത്തോടെ നിർമ്മിച്ചതുമായ കോലത്തുകടവ് മാർക്കറ്റിൽ നിന്നും കായലിലേക്ക് മാലിന്യങ്ങൾ തള്ളുന്നുണ്ടെന്ന പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മാർക്കറ്റിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമോ ആവശ്യത്തിന് വൈദ്യുത വിളക്കുകളോ ഡ്രെയിനേജ് സൗകര്യമോ മാലിന്യനിർമ്മാർജന പ്ലാൻറുകളോ ഇല്ലെന്നും മാർക്കറ്റ് എപ്പോഴും അഴുക്ക് പിടിച്ച അവസ്ഥയുമാണുള്ളതെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് അറിയിച്ചിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ **(NFDB)** ധനസഹായത്തോടെ **KSCADC** മുഖേന നിർമ്മിച്ച പ്രസ്തുത മാർക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് **(LSGD)** കൈമാറിയതിനാൽ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. ആയതിനാൽ കോലത്തുകടവ് മാർക്കറ്റിൽ മാലിന്യനിർമ്മാർജന പ്ലാന്റ് ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട

തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോട് സമിതി ശിപാർശ ചെയ്യുന്നു.

**49.** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ദേശീയ ജല ഗുണനിലവാര നിരീക്ഷണ പരിപാടി **(NWMP)**, സംസ്ഥാന ജല ഗുണനിലവാര നിരീക്ഷണ പരിപാടി **(SWMP)** എന്നിവയ്ക്ക് കീഴിലാണ് ഉപരിതല, ഭൂഗർഭ ജല ഗുണനിലവാരം നിരീക്ഷിക്കുന്നത്. വേമ്പനാട് തടാകത്തിൽ ജലഗുണനിലവാരം നിരീക്ഷിക്കുന്നതിന് **NWMP**-യുടെ കീഴിൽ **12** സ്റ്റേഷനുകളിൽ നിന്നും **SWMP** യുടെ കീഴിൽ **11** സ്റ്റേഷനുകളിൽ നിന്നും ബോർഡ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. ചില സ്റ്റേഷനുകളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ തോത് **organized outdoor bathing**-നു അനുവദനീയമായ പരിധിയേക്കാൾ കൂടുതലാണ്. ഫീക്കൽ ബാക്ടീരിയയുടെ പ്രധാന സ്രോതസ്സ് കോളിഫോം ഗാർഹിക മാലിന്യമാണ്. ഇതിൽ നിന്നും വേമ്പനാട് കായലിലെ മലിനീകരണം തടയുന്നതിന് വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള പരിശോധനകളും പദ്ധതികളും പരിപൂർണ്ണ വിജയമാണെന്ന് പറയാനാവില്ല. ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളായ **CSTP/FSTP**-കൾ സ്ഥാപിക്കുന്നതിലൂടെ മലിനീകരണ തോത് ഒരു പരിധിവരെ കുറയ്ക്കാനാവും. ചേർത്തല, ഇടക്കൊച്ചി എന്നിവിടങ്ങളിൽ **CSTP/FSTP** നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഇളംകുളം, പേരണ്ടൂർ, വെണ്ണല, മുട്ടാർ, എളംകുളം, കൊച്ചി മെട്രോ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ ദ്രവ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം പ്രൊപോസൽ ഘട്ടത്തിലാണെന്നും പരിസ്ഥിതി വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. **100%** കക്കൂസ് മാലിന്യ സംസ്കരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിർമ്മാണഘട്ടത്തിലും പ്രൊപോസൽ ഘട്ടത്തിലുമുള്ള ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ **(CSTP/FSTP)** നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**50.** വേമ്പനാട് കായലിൽ ഗാർഹിക മലിനജലം മൂലമുള്ള മലിനീകരണം സൂചിപ്പിക്കുന്ന ടോട്ടൽ കോളിഫോമിന്റെ അളവ് കുറയ്ക്കുന്നതിന് പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. അതിനാൽ ഗാർഹിക മാലിന്യങ്ങൾ (ടോയിലറ്റ് മാലിന്യം ഉൾപ്പെടെ) വീടുകളിൽ തന്നെ സംസ്കരിക്കുന്നതിനും സെപ്റ്റിക് ടാങ്കുകൾ നിർമിക്കുന്നതിനുമുള്ള ആവശ്യകതയും നിയമ ലംഘനത്തിനെതിരെ പിഴ അടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്നതു സംബന്ധിച്ചും പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**51.** വൈക്കത്ത് ഏറ്റവും അധികം ജനങ്ങൾ പങ്കെടുക്കുന്ന ഉത്സവമാണ് വൈക്കത്തഷ്ടമി. ആ സമയത്ത് വൈക്കം നിരവധി അന്യദേശ കച്ചവടക്കാരുടെ വിഹാര കേന്ദ്രമാണ്. ഇങ്ങനെ വരുന്നവർ പൊതു ശൗചാലയങ്ങൾ ഉപയോഗിക്കുന്നതായി കാണുന്നില്ല. പ്രാഥമിക ആവശ്യങ്ങൾക്കായി

കായലിനെയാണ് ആശ്രയിക്കുന്നത്. ഇതും വൻതോതിൽ കായലിനെ മലിനമാക്കുന്നുണ്ട്. വേമ്പനാട് കായലിലും മറ്റ് ഉൾനാടൻ ജലാശങ്ങളിലും മാലിന്യ നിക്ഷേപം തടയുന്നതിന് വിജിലൻസ് സ്ക്വാഡുകളും ജില്ലാതല സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വൈക്കത്തഷ്ടമി ഉത്സവസമയത്ത് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**52.** ഗാർഹിക മേഖലകളിൽ നിന്നും വ്യവസായ ശാലകളിൽ നിന്നുമുള്ള മലിനജലം നേരിട്ട് ജലാശയങ്ങളിലേക്ക് പുറന്തള്ളുന്നതും കായൽ മലിനീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. **Organic matter** കൂടിയ തോതിലുള്ള വ്യാവസായിക, ഗാർഹിക മേഖലയിൽ നിന്നുള്ള മലിനജലത്തിൽ **Biological Oxygen Demand (BOD)** വളരെ കൂടുതലായിരിക്കും. കൂടിയ **BOD**-യുടെ അളവ് വെള്ളത്തിൽ **Dissolved oxygen (DO)**-ന്റെ അളവ് കുറയുന്നതിന് കാരണമാകുന്നതാണ്. ആയതിനാൽ ഇത്തരത്തിൽ **BOD** കൂടുതലുള്ള മലിനജലം ശുദ്ധീകരിക്കാതെ നേരിട്ട് ജലാശയങ്ങളിലേക്ക് പുറന്തള്ളുന്നത് ജലാശയത്തിലെ **DO**-ന്റെ അളവ് ഗണ്യമായി കുറയുന്നതിനും ആയത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നതിനും കാരണമാകുന്നതാണ്. ആയതിനാൽ ഇത്തരത്തിൽ **BOD** കൂടുതലുള്ള മലിനജലം നേരിട്ട് കായലിലേക്ക് പുറന്തള്ളുന്നതിനുള്ള ഔട്ട് ലെറ്റുകൾ കണ്ടെത്തി ആയത് ശാശ്വതമായി തടയുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ **BOD** കൂടുതലുള്ള മലിനജലം നേരിട്ട് കായലിലേക്ക് പുറന്തള്ളുന്ന ഔട്ട് ലെറ്റുകൾ കണ്ടെത്തുന്നതിനും അത് ശാശ്വതമായി തടയുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**53.** വ്യവസായ ശാലകൾ, ഗാർഹിക മേഖലകൾ എന്നിവിടങ്ങളിൽ നിന്നുള്ള സീവേജ് നിർമ്മാർജനം ചെയ്യുന്നതിനായി **IS:2470 (Part 1)** പ്രകാരമുള്ള **500** സെപ്റ്റിക് ടാങ്കും ആയതിൽനിന്നുമുള്ള ഓവർഫ്ലോ നിർമ്മാർജനം ചെയ്യുന്നതിനായി **IS:2470 (Part2)** പ്രകാരമുള്ള സോക്പിറ്റ് സംവിധാനവും ഏർപ്പെടുത്തുന്നുണ്ടെന്നും സെപ്റ്റിക് ടാങ്കിൽ നിന്നുള്ള ഖര മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നുണ്ടെന്നും ആയത് സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാൻറിൽ സംസ്കരിക്കപ്പെടുന്നുണ്ടെന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തുന്നത് ഈ പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിനുതകുന്നതാണെന്ന് സമിതി കരുതുന്നു.

**54.** വേമ്പനാട് കായൽ ജലത്തിൽ മാലിന്യത്തിന്റെ തോത് വലിയ അളവിൽ കൂടിക്കൊണ്ടിരിക്കുന്നു. കുട്ടനാട്മേഖലയിലെ പാടശേഖരങ്ങളിൽ നിന്നും അച്ചൻകോവിൽ, മണിമല, പമ്പ, പെരിയാർ, മുവാറ്റുപുഴ. മീനച്ചിലാർ എന്നിവയുടെ കരകളിലെ തോട്ടങ്ങളിൽ പ്രയോഗിക്കുന്ന അപകടകാരികളായ

രാസമാലിന്യങ്ങളും കായലിൽ വൻതോതിൽ എത്തിച്ചേരുന്നു. 2024-ലെ റിപ്പോർട്ട് പ്രകാരം വേമ്പനാട് തടാകത്തിലുടനീളമുള്ള സ്ഥലങ്ങളിൽ ഗുണനിലവാര നിരീക്ഷണ കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. കൃഷിക്കായി ജൈവവളങ്ങൾ മാത്രം ഉപയോഗിക്കുന്നത് പാടശേഖരങ്ങളിലെ രാസമാലിന്യത്തിന്റെ അളവ് കുറക്കുന്നതിന് സഹായിക്കുമെന്ന് സമിതി കരുതുന്നു.

55. വേമ്പനാട് കായലിന്റെ സ്വാഭാവിക ആവാസവ്യവസ്ഥ പുനസ്ഥാപിക്കുന്നതിന്റെയും സംരക്ഷിക്കുന്നതിന്റെയും ഭാഗമായി, വേമ്പനാട് കായലിലേക്ക് ഒഴുകിവരുന്ന കനാലുകളുടെയും തോടുകളുടെയും നവീകരണവും അറ്റകുറ്റപ്പണിയും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വേമ്പനാട് കായൽ പാരിസ്ഥിതിക പുനഃസ്ഥാപന യജ്ഞം എന്ന പ്രോജക്ട് ആവിഷ്കരിക്കുകയും ടി. പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ വയലാർ, നെടുമുടി, തുറവൂർ, മുഹമ്മ,തൈക്കാട്ടുശ്ശേരി, വെളിയനാട്, മണ്ണഞ്ചേരി, അരൂക്കുറ്റി, പെരുമ്പളം എന്നിവിടങ്ങളിൽ കനാൽ നവീകരണം, പാടശേഖര സംരക്ഷണം, കായലിന്റെ നൈസർഗിക ഒഴുക്ക് തടസ്സം നീക്കൽ, കായൽ മത്സ്യബന്ധന പ്രവർത്തികൾ എന്നിവ ഉൾപ്പെടുത്തി, നടപ്പിലാക്കി വരുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിലൂടെ വേമ്പനാട് കായൽ മാലിന്യമുക്തമാകുമെന്ന് സമിതി പ്രത്യാശ പ്രകടിപ്പിക്കുന്നു.

56. അന്യംനിന്നു പോകുന്ന മത്സ്യ ഇനങ്ങളെ ശാസ്ത്രീയമായി ഉല്പാദിപ്പിക്കുന്നതിനും വേമ്പനാട് കായലിനെ സംരക്ഷിക്കുന്നതിനും ' സംയോജിത മത്സ്യവിഭവ പരിപാലനം' എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതുവഴി മത്സ്യ/കക്ക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുറപ്പാക്കാനും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്.

57. ഉൾനാടൻ മത്സ്യോൽപാദനത്തിൽ കേരളം ഏഴാം സ്ഥാനത്താണ് എന്നത് ഈ മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇനിയും കഴിയുന്നില്ല എന്ന യാഥാർത്ഥ്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. മറ്റു സംസ്ഥാനങ്ങളിൽ ഹെക്ടർ ഒന്നിന് 3000 കിലോഗ്രാം വരെ ഉത്പാദനക്ഷമത കൈവരിച്ചപ്പോൾ കേരളത്തിൽ ഇത് വെറും 300 കിലോഗ്രാം മാത്രമാണെന്നുള്ളത് പഠന വിധേയമാക്കേണ്ടതാണ്. ദേശീയ തലത്തിൽ മത്സ്യ ഉത്പാദനത്തിന്റെ 75% വരെ ഉൾനാടൻ മേഖലയും മത്സ്യകൃഷിയും സംഭാവന ചെയ്യുമ്പോൾ കേരളത്തിൽ ഇത് വെറും 26 ശതമാനം മാത്രമാണ്. സർക്കാർ വേമ്പനാട് കായലുമായി അനുബന്ധിച്ച് നടപ്പിലാക്കുന്ന ഏതൊരു പദ്ധതിയുടെയും ആശയരൂപീകരണത്തിൽ തദ്ദേശവാസികളുടെ അനുഭവ സമ്പത്തും കായലറിവും കൂടി പ്രയോജനപ്പെടുത്തുന്നതിലൂടെ, കൂടുതൽ മികവാർന്ന രീതിയിൽ പദ്ധതി നടപ്പാക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിൽ ഉൾനാടൻ മത്സ്യോല്പാദനം മികച്ച നേട്ടം

കൈവരിക്കുന്നതിനും വേമ്പനാട് കായൽ മാലിന്യമുക്തമാക്കുന്നതിനും സർക്കാർ ആവിഷ്കരിക്കുന്ന വിവിധതരം പദ്ധതികൾ വിജയകരമാക്കുന്നതിനും എല്ലാ വകുപ്പുകളും സഹകരണത്തോടെ പ്രവർത്തിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
**2026** ഫെബ്രുവരി **3**

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.